शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**403**

# രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2015–16

## ഗണിതം

സ്റ്റാൻഡേർഡ് - IV

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ..................................................

വിദ്യാലയത്തിന്റെ പേര് ..........................................

രക്ഷിതാവിന്റെ ഒപ്പ് ..................................................

അധ്യാപകന്റെ ഒപ്പ് ..................................................

| no. | പ്രവർത്തനങ്ങൾ | നിലവാര സൂചിക |
|---|---|---|
| 1 | വോട്ടർമാർ എത്ര? | |
| 2 | ഗൃഹോപകരണങ്ങൾ | |
| 3 | ഗണിതക്ലബ്ബ് | |
| 4 | ഫുട്ബോൾ മത്സരം | |
| 5 | വൈദ്യുതി ഉപയോഗം | |
| | ഗ്രേഡ് | |

**പ്രവർത്തനം 1 - വോട്ടർമാർ എത്ര?**

ഉദയപുരം ഗ്രാമപഞ്ചായത്തിലെ രണ്ട് വാർഡുകളിലെ വോട്ടർമാരുടെ വിവരങ്ങളാണ് പട്ടികയിലുള്ളത്.

- പട്ടികയിലെ വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കുക

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 908 | 916 | 1824 |
| 2 | 897 | 899 | 1796 |
| ആകെ | | | |

- ആകെയുള്ള വോട്ടർമാരിൽ പുരുഷ വോട്ടർമാരാണോ സ്ത്രീ വോട്ടർമാരാണോ കൂടുതൽ ഉള്ളത് ?

- എത്ര കൂടുതൽ?

- ഒന്നാം വാർഡിൽ രണ്ടാം വാർഡിലേക്കാൾ എത്ര വോട്ടർമാർ കൂടുതൽ ഉണ്ട്?

**പ്രവർത്തനം 2 - ഗൃഹോപകരണങ്ങൾ**

രാജേഷും കുടുംബവും ഗൃഹോപകരണക്കടയിൽ പോയി. താഴെ നൽകിയ ക്രിയാകാർഡുകൾ പൂരിപ്പിച്ച് നൽകിയതിൽ അവർക്ക് 250 രൂപയുടെ സമ്മാന കൂപ്പൺ കിട്ടി. ആ ക്രിയാകാർഡ് നിങ്ങളും പൂരിപ്പിച്ചു നോക്കൂ.

5812 - .............. = 3028

.............. - 2412 = 3028

ഉത്സവക്കാലമായതുകൊണ്ട് 8900 രൂപ വിലയുള്ള ടി.വിക്ക് 1335 രൂപ വിലക്കുറവുണ്ട്. അവർ ടി.വിയും 2325രൂപ വിലയുള്ള ഒരു മിക്സിയും വാങ്ങി. ആദ്യസമ്മാന കൂപ്പണിലെ തുകയും കഴിച്ച് രാജേഷ് എത്ര രൂപ നൽകണം.?

**പ്രവർത്തനം 3 - ഗണിതക്ലബ്**

സാനിയ ഗണിത ക്ലബിൽ അവതരിപ്പിച്ച ചില പ്രശ്നങ്ങളാണിവ. ഇവയുടെ ഉത്തരം നിങ്ങൾക്ക് കണ്ടെത്താമോ?

18 സെ.മി



- മുകളിലെ ചിത്രത്തിൽ ആകെ എത്ര സമചതുരങ്ങളുണ്ട്.?
- ഇതിലെ ഒരു ചെറിയ സമചതുരത്തിന്റെ ചുറ്റളവ് എത്ര?
- ചുവടെ കൊടുത്തിരിക്കുന്ന ചതുരത്തിന്റെ ചുറ്റളവ് 36 സെ.മി ആണ്. എങ്കിൽ ഈ ചതുരത്തിന്റെ നിളം എത്ര?

6 സെ.മി



..........................

പ്രവർത്തനം 4 - ഫുട്ബോൾ മത്സരം

മെട്രോ ക്ലബ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. ഒരു ദിവസം വിറ്റ ടിക്കറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്ലാസ് | ടിക്കറ്റ് നിരക്ക് | വിറ്റ ടിക്കറ്റുകളുടെ എണ്ണം | ആകെ |
|---|---|---|---|
| A | 90 | 56 | |
| B | 75 | 63 | |
| C | 50 | 95 | |

- ഏതു നിരക്കിലുള്ള ടിക്കറ്റ് വിറ്റാണ് കൂടുതൽ തുക ലഭിച്ചത് ?

- അന്നേ ദിവസം മത്സരത്തിന് 4480 രൂപ ചെലവായി . ക്ലബിന് എത്ര രൂപ മിച്ചം കിട്ടി?

പ്രവർത്തനം 5- **വൈദ്യുതി ഉപയോഗം**

അനീഷിന്റെയും കൂട്ടുകാരുടെയും വീടുകളിലെ ജനുവരി മാസത്തെ വൈദ്യുതി മീറ്റർ റീഡിംഗ് ആണ് പട്ടികയിലുള്ളത്.

| പേര് | മുൻ റീഡിംഗ് | ഇപ്പോഴത്തെ റീഡിംഗ് |
|---|---|---|
| അനീഷ് | 3576 | 3668 |
| മിസ്രിയ | 4723 | 4819 |
| ജാസ്മിൻ | 6654 | 6789 |
| ലീന | 7506 | 7598 |

- ആരുടെ വീട്ടിലാണ് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് ?

- നാലുപേരുടെയും വൈദ്യുതി കാർഡ് നമ്പർ തമ്മിൽ ബന്ധമുണ്ട്. എങ്കിൽ ലീനയുടെ കാർഡ് നമ്പർ എത്ര?

| അനീഷ് | മിസ്രിയ | ജാസ്മിൻ | ലീന |
|---|---|---|---|
| 2135 | 3140 | 4145 | -------- |